## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം.

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.340 — 10/4/2013 - ൽ മറുപടിയ്ക്ക്

### മൊബൈൽ അഗ്രോ ക്ലീനിക്കുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ<br>,, മുല്ലക്കര രത്നാകരൻ<br>ശ്രീമതി ഇ. എസ്. ബിജിമോൾ<br>ശ്രീ. ജി. എസ്. ജയലാൽ | **ശ്രീ. കെ.പി. മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്ത് ഇപ്പോൾ മൊബൈൽ അഗ്രോ ക്ലീനിക്കുകൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ എത്രയെണ്ണം; ഏതെല്ലാം മേഖലകളിൽ പ്രവർത്തിക്കുന്നുണ്ട്; | (എ) പ്രവർത്തിക്കുന്നുണ്ട്. 11 എണ്ണം. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ. |
| (ബി) ഈ ക്ലീനിക്കുകളിലൂടെ എന്തെല്ലാം സഹായങ്ങളാണ് കർഷകർക്ക് നൽകുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) ഓരോ സീസണിലും ഉണ്ടാകുവാൻ സാധ്യതയുള്ള കീടരോഗങ്ങളെ കുറിച്ച് കർഷകർക്ക് മുന്നറിയിപ്പ് നൽകുക, നിയന്ത്രണ മാർഗ്ഗങ്ങളെ കുറിച്ചുള്ള ബോധവൽക്കരണം, പെട്ടെന്നുണ്ടാകുന്ന കീടരോഗബാധ നിയന്ത്രണത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കൽ എന്നീ ലക്ഷ്യങ്ങളോടു കൂടിയാണ് മൊബൈൽ അഗ്രോ ക്ലീനിക്കുകൾ ആരംഭിച്ചത്. എങ്കിലും കാലക്രമേണ മറ്റ് വിഞ്ജാനവ്യാപന പ്രവർത്തനങ്ങൾ |

ശക്തിപ്പെടുകയും, പഞ്ചായത്ത് തലത്തിൽ 'ആത്മ' പദ്ധതിയിലൂടെ കർഷകർക്ക് രോഗബാധ നിവാരണം സംബന്ധിച്ച് നിരവധി ബോധവൽക്കരണ ക്ലാസ്സുകളും, പഠന യാത്രകളും ലഭിക്കുന്നതിനാലും, ജില്ലാതല മൾട്ടി ഡിസിപ്ലിനറി ഡയഗ്നോസ്റ്റിക് ടീമിന്റെ സേവനം ഊർജ്ജിതമായി നടക്കുന്നതിനാലും കൃഷി ഭവൻ മുഖേന പ്രസ്തുത സേവനങ്ങൾ കർഷകർക്ക് ലഭ്യമാകുന്നുണ്ട്. അതുപോലെ ജില്ലയിൽ രൂപീകരിച്ചിട്ടുള്ള കൃഷി ഉദ്യോഗസ്ഥരും ശാസ്ത്രജ്ഞരുമടങ്ങുന്ന കീട നിരീക്ഷണ ഉപദേശക സമിതിയുടെ പ്രവർത്തനവും കർഷകർക്ക് പ്രയോജനപ്രദമാണ്. എന്നാൽ മൊബൈൽ ക്ലീനിക്കുകളുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിന് വേണ്ടി 2013-14 വർഷത്തിൽ 14 ജില്ലകളിലും മൊബൈൽ അഗ്രോ ക്ലീനിക്കുകൾ സജ്ജമാക്കുന്നതിനായി 150 ലക്ഷം രൂപയുടെ ഒരു പദ്ധതി നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്നു.

| | | | |
|---|---|---|---|
| (സി) | കാർഷിക മേഖലയിൽ അപ്രതിക്ഷിത മായുണ്ടാകുന്ന കീട രോഗബാധകൾ കണ്ടെത്തി തടയുന്നതിന് എന്തെങ്കിലും സംവിധാനങ്ങൾ നിലവിലുണ്ടോ; എങ്കിൽ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (സി) | നിലവിലുണ്ട്. കാർഷിക മേഖലയിൽ അപ്രതീക്ഷിതമായി ഉണ്ടാകുന്ന കീടരോഗ ബാധകൾ നിയന്ത്രിക്കുന്നതിനായി ദ്രുത കർമ്മ സേനയുടെ സേവനം ലഭ്യമാക്കി കർഷകർക്ക് സസ്യസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സഹായം സംയോജിത കീടനിയന്ത്രണ പദ്ധതി പ്രകാരം നൽകി വരുന്നു. ഇതിനായി |

| | | | |
|---|---|---|---|
| | | | ജില്ലാ തലത്തിൽ മൾട്ടി ഡിസിപ്ലിനറി ഡയഗ്നോസ്റ്റിക് ടീമും (MDDT) സംസ്ഥാന തലത്തിൽ ദ്രുതകർമ്മസേനയും രൂപീകരിച്ച് പ്രവർത്തിക്കുന്നു. |
| (ഡി) | കീടരോഗ നിരീക്ഷണ കേന്ദ്രം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ? | (ഡി) | ആലപ്പുഴ ജില്ലയിൽ മങ്കൊമ്പ് ആസ്ഥാനമായി കീടരോഗ നിരീക്ഷണ കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ